കേരളകൗമുദി

**14 August 2021**

# കൊവിഡ് പ്രതിസന്ധിയിൽ തുണയായി കൂട്ടമത്സ്യകൃഷി

## ഒരു കൂടിൽ നിന്ന് 600 കിലോ കരിമീൻ

കൊച്ചി: കൊവിഡ് പ്രതിസന്ധിയിൽ മരടിലെ പട്ടികജാതി കുടുംബങ്ങൾക്ക് തുണയായി കൂട്ടമത്സ്യകൃഷി. കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) നേതൃത്വത്തിൽ നെട്ടൂർ മരട് കായലിൽ നടത്തിയ കൂട്ടകൃഷിയിൽ ഒരു കൂടിൽനിന്ന്മാത്രം600 കിലോ കരിമീൻ വിളവെടുത്തു.

കിലോയ്ക്ക് 450 രൂപ നിരക്കിൽ മുഴുവൻ മീനും കൃഷിയിടത്തിൽ വിറ്റഴിച്ചതോടെ കുടുംബങ്ങൾക്ക് ലഭിച്ചത് 2,73,000 രൂപ. മഹാമാരിയിൽ ജീവിതം ദുരിതത്തിലായ കുടുംബങ്ങൾക്ക് ഇത് വലിയ ആശ്വാസമായി. പട്ടികജാതി ഉപപദ്ധതിക്ക് കീഴിൽ കഴിഞ്ഞ ഒക്ടോബറിലാണ് നാല് മീറ്റർ വീതം നീളവും വീതിയുമുള്ള കൂടിൽ 2000 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കൃഷിയാരംഭിച്ചത്. 'പുഴയോരം' സ്വയംസഹായക സംഘത്തിന് കൂട്, മീൻകുഞ്ഞുങ്ങൾ, തീറ്റ, മറ്റ് വസ്തുക്കൾ എന്നിവ സൗജന്യമായി ൽകി. കൃഷിയുടെ ഓരോ ഘട്ടത്തിലും കർഷകർക്ക് സാങ്കേതിക സഹായവും നൽകി. പത്ത് മാസത്തിന് ശേഷം വിളവെടുത്തപ്പോൾ മീനിന് ശരാശരി 380 ഗ്രാം വരെ വളർച്ച ലഭിച്ചു.




*സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിൽ മരടിലെ പട്ടികജാതി കുടുംബങ്ങൾ നടത്തിയ കൂട്ടമത്സ്യകൃഷിയിൽ നിന്ന് കരിമീൻ വിളവെടുപ്പ്*

വിളവെടുപ്പ് മരട് നഗരസഭാ വൈസ് ചെയർപേഴ്സൺ രശ്മി സനിൽ ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ. മധു എന്നിവർ പങ്കെടുത്തു.